"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയം ഭരണ വകുപ്പ് -കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും First Line Treatment Centre-കളിൽ ആവശ്യമായ എണ്ണം കിടക്കകൾ വാങ്ങുന്നതിന് തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ് എം) വകുപ്പ്**

സ.ഉ(സാധാ) നം .1409/2020/തസ്വഭവ തീയതി തിരുവനന്തപുരം27/7/2020

പരാമർശം:- 1 കയർ ഫെഡ് ജനറൽ മാനേജർ സമർപ്പിച്ച പ്രോപ്പോസൽ

2 കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർസമർപ്പിച്ച പ്രോപ്പോസൽ

3 ഫോംമാറ്റിംഗ്സ്(ഇന്ത്യാ) ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച പ്രോപ്പോസൽ

**ഉത്തരവ്**

കോവിഡ് 19 മഹാമാരി വ്യാപിക്കുന്ന പശ്ചാത്തലത്തിൽ, കോവിഡ് ചികിത്സക്കായി ഒരുക്കിയിട്ടുള്ള ആശുപത്രികളിലേയ്ക്ക് രോഗ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവർ അനിയന്ത്രിതമായി വന്നുചേരുന്ന സ്ഥിതിവിശേഷം നിയന്ത്രിക്കുക എന്ന ലക്ഷ്യം മുൻനിറുത്തി, കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും 100 കിടക്കകൾ വീതമുള്ള "First Line Treatment Centres" സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നു. ചെറിയതോതിലുള്ള രോഗ ലക്ഷണങ്ങൾ മാത്രം പ്രകടിപ്പിക്കുന്നവർ നിരീക്ഷിക്കപ്പെടുന്നതിന് സൗകര്യമൊരുക്കുന്ന First Line Treatment Centre-കളിൽ കിടക്കകൾ ഒരുക്കുന്നതിന് മാട്രസ്സുകൾ അവശ്യ വസ്തു ആകയാൽ, കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഈ സാധ്യത പരമാവധി പ്രയോജനപ്പെടുത്താൻ, അവർക്ക് വിതരണം ചെയ്യാൻ സാധിക്കുന്ന മാട്രസ്സുകളുടെ ( **കോവിഡ് കെയർ മാട്രസ്സ്** ) എണ്ണവും വിലയും പ്രൊപ്പോസലായി സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു.

2) കയർ വികസന വകുപ്പിന് കീഴിലെ കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻലിമിറ്റഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ പ്രൊപ്പോസലുകൾ സമർപ്പിച്ചു. 72x30x1 **സൈസ്** മാട്രസ്സിന് 700/- **രൂപ** , 72x36x1 **സൈസ്** മാട്രസ്സിന് 800/- **രൂപ** എന്ന നിരക്കിൽ കയർഫെഡ് 50,000 യൂണിറ്റുകളും, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ 30,000 യൂണിറ്റുകളും, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് 20,000 യൂണിറ്റുകളും വിതരണം ചെയ്യാൻ സന്നദ്ധരാണെന്ന് പരാമർശത്തിലെ കത്തുകൾ പ്രകാരം അറിയിച്ചിട്ടുണ്ട് . കയർ

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ആകെ 1,00,000 യൂണിറ്റ് കോവിഡ് കെയർ മാട്രസ്സുകൾ വിതരണം ചെയ്യാൻ സാധിക്കുമെന്ന് കാണുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . 72x30x1 സൈസ് കോവിഡ് കെയർ മാട്രസ്സ് 700/- രൂപ നിരക്കിലും, 72x36x1 സൈസ് കോവിഡ് കെയർ മാട്രസ്സ് 800/- രൂപ നിരക്കിലും First Line Treatment Centre -കൾക്ക് വിതരണം ചെയ്യുന്നതിന് - കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻലിമിറ്റഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് , പൊതുമേഖലാ സ്ഥാപനം എന്ന പരിഗണന നൽകിയും കോവിഡ് പ്രതിരോധ നടപടികളുടെ ഭാഗമായും 10 % അഥവാ പരമാവധി ഡിസ്കൗണ്ട് ലഭിക്കത്തക്ക രീതിയിൽ ആവശ്യമായ എണ്ണം കിടക്കകൾ വാങ്ങുന്നതിനു തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കു യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുനിത.ഐ

ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്-

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ജനറൽമാനേജർ, കയർഫെഡ്

മാനേജിംഗ്ഡയറക്ടർകേരളാസ്റ്റേറ്റ്കയർകോർപ്പറേഷൻ ലിമിറ്റഡ്

മാനേജിംഗ്ഡയറക്ടർ, ഫോംമാറ്റിംഗ്സ്(ഇന്ത്യാ) ലിമിറ്റഡ്

ഡയറക്ടർ, കേരളസ്റ്റേറ്റ്ഓഡിറ്റ്വകുപ്പ്

തിരുവനന്തപുരം

അക്കൗണ്ടന്റ്ജനറൽ(എൽബിഎ&എ)

കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ്ചെയർമാൻ/ഡയറക്ടർഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

S. Bindu

സെക്ഷൻ ഓഫീസർ